സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 59 ലക്കം: 231 2025 ജനുവരി 04 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

### കാണാതായിട്ട് നാലു നാൾ; മാധ്യമപ്രവർത്തകന്റെ മൃതദേഹം സെപ്റ്റിക് ടാങ്കിൽ

ന്യൂഡൽഹി: ഛത്തീസ്ഗഡിൽ കാണാതായ മാധ്യമപ്രവർത്തകന്റെ മൃതദേഹം പ്രാദേശിക കരാറുകാരന്റെ സെപ്റ്റിക് ടാങ്കിൽ കണ്ടെത്തി. സ്വതന്ത്ര മാധ്യമപ്രവർത്തകനായ 28കാരനായ മുകേഷ് ചന്ദ്രക്കറിന്റെ മൃതദേഹമാണ് ബിജാപൂരിലെ ചട്ടൻപാറ ബസ്തിയിൽ കണ്ടെത്തിയത്. ജനുവരി 1 മുതൽ ഇദ്ദേഹത്തെ കാണാതാകുകയായിരുന്നു. എൻഡിടിവിക്ക് വേണ്ടി ബസ്തർ മേഖലയിൽ നിന്ന് മുകേഷ് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. കോൺക്രീറ്റ് ഉപയോഗിച്ച് പുതുതായി അടച്ച നിലയിലായിരുന്നു സെപ്റ്റിക് ടാങ്ക്. മുകേഷിന്റെ തലയിലും മുതുകിലും ഒന്നിലധികം മുറിവുകൾ കണ്ടെത്തിയിട്ടുണ്ട്. സെപ്റ്റിക് ടാങ്കിലെ വെള്ളത്തിൽ കിടന്നു ചീർത്ത നിലയിലായിരുന്നു മൃതദേഹം. ധരിച്ചിരുന്ന വസ്ത്രത്തിലൂടെയാണ് മൃതദേഹം തിരിച്ചറിഞ്ഞത്.

# 5നാൾ അനന്തപുരി ഇനി കൗമാരപുരി, സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരി തെളിഞ്ഞു



തിരു : അനന്തപുരിയെ കൗമാരകലകളുടെ ഉത്സവപുരിയാക്കി 63-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരി തെളിഞ്ഞു. പ്രധാനവേദിയായ സെൻട്രൽ സ്റ്റേഡിയത്തിലെ എം.ടി നിളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഏഷ്യയിലെ ഏറ്റവും വലിയ കലാമാമാങ്കത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. എല്ലാ വിദ്യാർത്ഥികൾക്കും മുഖ്യമന്ത്രി വിജയാശംസകൾ നേർന്നു.

എംടി വാസുദേവൻ നായർക്ക് പ്രണാമം അർപ്പിച്ചുകൊണ്ടാണ് മുഖ്യമന്ത്രി പ്രസംഗം ആരംഭിച്ചത്. വെള്ളാർമല സ്കൂളിലെ കുട്ടികളുടെ സംഘനൃത്തത്തോടെ ആരംഭിക്കുന്ന കലോത്സവം കലാപ്രകടനം എന്നതിലുപരി അതിജീവനത്തിന്റെ കാഴ്ച കൂടി ആവുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒരു ദേശത്തിലെ മുഴുവൻ കൗമാര പ്രതീക്ഷകളും വർഷത്തിലൊരിക്കൽ ഒരിടത്തു കൂടി മികവ് പ്രകടിപ്പിക്കുന്ന രീതി ലോകത്ത് മറ്റെവിടെയെങ്കിലും ഉണ്ടോയെന്ന് സംശയമാണ്. ഒരു തലമുറയിലെ മുഴുവൻ സർഗ വൈഭവവും ആശകളും പ്രതീക്ഷകളും ആശയലോകവും ആദർശലോകവുമാണ് കലോത്സവത്തിൽ മാറ്റുരയ്ക്കുന്നതെന്ന് നിസംശയം പറയാമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

വിദ്യാഭ്യാസ പ്രക്രിയയുടെ അവിഭാജ്യ ഘടകങ്ങളാണ് കലാസാഹിത്യ പ്രകടനങ്ങളുടെ മൂർത്തീ ഭാവമായ കലോത്സവങ്ങൾ. സ്കൂൾ കലോത്സവങ്ങളിൽ വിജയികളാവുന്നവർ തന്നെയാണ് പിൽക്കാലത്ത് ആ രംഗത്തെ പ്രഗത്ഭമതികളായി മാറുന്നത്. എന്നാൽ സ്കൂൾ വിദ്യാഭ്യാസം കഴിയുന്നതോടെ കലാപ്രവർത്തനം അവസാനിപ്പിക്കുന്ന വലിയൊരു വിഭാഗവുമുണ്ട്. പഴയ കലാപ്രതിഭകളുടെയും കലാതിലകങ്ങളുടെയും പിന്നീടുള്ള ജീവിതം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാണ്. ഇത് കലാകേരളം ഗൗരവത്തോടെ പരിശോധിക്കേണ്ടതാണ്. സർക്കാർ ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണിജോർജ് സ്വാഗതം പറഞ്ഞു. മന്ത്രിമാരായ ജി.ആർ. അനിൽ, കെ.രാജൻ, എ.കെ.ശശീന്ദ്രൻ, റോഷി അഗസ്റ്റിൻ, കെ.എൻ. ബാലഗോപാൽ തുടങ്ങി 29 മുഖ്യാതിഥികൾ പങ്കെടുത്തു. ശ്രീനിവാസൻ തൂണേരി രചിച്ച് കാവാലം ശ്രീകുമാർ ചിട്ടപ്പെടുത്തിയ സ്വാഗതഗാനത്തിന്റെ നൃത്താവിഷ്കാരം കലാമണ്ഡലത്തിലെ കുട്ടികളും പൊതുവിദ്യാലയങ്ങളിലെ കുട്ടികളും ചേർന്നവതരിപ്പിച്ചു.

എട്ടുവർഷത്തിന് ശേഷമാണ് തിരുവനന്തപുരം സംസ്ഥാന സ്കൂൾ കലോത്സവത്തിന് ആതിഥ്യമരുളുന്നത്. 25 വേദികളുണ്ടെങ്കിലും ആദ്യദിവസം 24 വേദികളിലാണ് മത്സരങ്ങൾ. മത്സരങ്ങൾ തത്സമയം കൈറ്റ് വിക്ടേഴ്സ് ചാനൽ സംപ്രേഷണം ചെയ്യും. ഫലമറിയാൻ വേദികൾക്കരികെ ഡിജിറ്റൽ സൗകര്യവുമുണ്ട്. എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പായി 1,000 രൂപ നൽകും. പതിനയ്യായിരത്തോളം മത്സരാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

## റിജിത്ത് വധക്കേസ് : 9 ആർ എസ് എസ് – ബിജെപി പ്രവർത്തകർ കുറ്റക്കാരെന്ന് കോടതി, കണ്ടെത്തൽ 20 വർഷത്തിനുശേഷം



കണ്ണൂർ: കണ്ണപുരത്തെ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ റിജിത്തിനെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ 9 ആർ.എസ്.എസ്-ബി.ജെ.പി. പ്രവർത്തകർ കുറ്റക്കാരാണെന്ന് കോടതി. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടേതാണ് കണ്ടെത്തൽ. 20 കൊല്ലം മുമ്പ് നടന്ന കൊലപാതകത്തിലാണ് ഇപ്പോൾ കോടതിയുടെ കണ്ടെത്തൽ. കേസിൽ ചൊവ്വാഴ്ച ശിക്ഷ വിധിക്കും.

കേസിൽ മൊത്തം 10 പ്രതികളാണുള്ളത്. ഇവർ മുഴുവൻ പേരും കുറ്റക്കാരാണെന്നാണ് കോടതി ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. മൂന്നാം പ്രതി അജീഷ് വിചാരണയ്ക്കിടെ മരണപ്പെട്ടിരുന്നു. ബാക്കിയുള്ള ഒമ്പത് പേരും കൊലപാതകത്തിൽ കുറ്റക്കാരാണ് എന്നാണ് കോടതിയുടെ കണ്ടെത്തൽ. കേസുമായി ബന്ധപ്പെട്ട 28 സാക്ഷികളെ കോടതി വിസ്തരിച്ചു. 59 രേഖകളും 50 തൊണ്ടിമുതലും പ്രോസിക്യൂഷൻ കോടതിക്ക് മുന്നിൽ ഹാജരാക്കി.

2005 ഒക്ടോബർ മൂന്നിന് ആയിരുന്നു കേസിനാസ്പദമായ സംഭവം. രാത്രി 9ന് സുഹൃത്തുക്കൾക്കൊപ്പം നടന്നു വരികയായിരുന്ന റിജിത്തിനെ ആർ.എസ്.എസ്-ബി.ജെ.പി പ്രവർത്തകർ ചേർന്ന് ആക്രമിക്കുകയായിരുന്നു. സമീപത്തെ ക്ഷേത്രത്തിൽ ശാഖ തുടങ്ങുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. ഗുരുതരമായി പരിക്കേറ്റ റിജിത്ത് സംഭവസ്ഥലത്ത് വെച്ചുതന്നെ മരിച്ചു. അന്ന് റിജിത്തിനൊപ്പമുണ്ടായിരുന്ന നികേഷ്, വികാസ്, വിമൽ എന്നിവർക്കും പരിക്കേറ്റു.

## ആണവ ശാസ്ത്രജ്ഞൻ രാജഗോപാല ചിദംബരം അന്തരിച്ചു



മുംബൈ: പ്രശസ്ത ആണവ ശാസ്ത്രജ്ഞൻ രാജഗോപാല ചിദംബരം (89) അന്തരിച്ചു. വാർധക്യസഹജമായ രോഗങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ പുലർച്ചെ 3.20നായിരുന്നു അന്ത്യം.

പൊക്രാൻ 1 (സ്മൈലിങ് ബുദ്ധ), പൊക്രാൻ 2 (ഓപ്പറേഷൻ ശക്തി) ആണവ പരീക്ഷണങ്ങളിൽ നിർണായക പങ്കുവഹിച്ച ശാസ്ത്രജ്ഞനായിരുന്നു ചിദംബരം. കൂടാതെ കേന്ദ്ര സർക്കാരിന്റെ പ്രിൻസിപ്പൽ സയന്റിഫിക് ഉപദേഷ്ടാവായും പ്രവർത്തിച്ചു.

ഭാഭ ആറ്റോമിക് റിസർച്ച് സെന്ററിന്റെ ഡയറക്ടറായും ആറ്റോമിക് എനർജി കമ്മീഷന്റെ ചെയർമാനായും സേവനമനുഷ്ഠിച്ച ചിദംബരത്തെ ആണവരംഗത്ത് നൽകിയ സംഭാവനകളുടെ പേരിൽ രാജ്യം പത്മശ്രീയും പത്മവിഭൂഷണും നൽകി ആദരിച്ചിരുന്നു.

## ‘ആചാരങ്ങൾ പാലിക്കാൻ കഴിയുന്നവർ ക്ഷേത്രത്തിൽ പോയാൽ മതി’; പ്രതികരിച്ച് മന്ത്രി ഗണേശ് കുമാർ



തിരു: ആചാരങ്ങൾ പാലിക്കാൻ കഴിയുന്നവർ ക്ഷേത്രത്തിൽ പോയാൽ മതിയെന്ന് മന്ത്രി കെ ബി ഗണേശ് കുമാർ. ഓരോ ക്ഷേത്രത്തിലും ഓരോ ആചാരമുണ്ടെന്നും അതിൽ മാറ്റം വേണോയെന്ന് തന്ത്രി തീരുമാനിക്കുമെന്നും ഗണേശ് കുമാർ പറഞ്ഞു. ഭരണാധികാരികൾക്ക് നിർദേശങ്ങൾ ഉണ്ടെങ്കിൽ തന്ത്രിയുമായി കൂടിയാലോചിക്കാമെന്നും മന്ത്രി വ്യക്തമാക്കി. മാദ്ധ്യമങ്ങളോട് സംസാരിക്കുന്നതിനിടെയാണ് ഗണേശ് കുമാർ പ്രതികരിച്ചത്.

ക്ഷേത്ര ദർശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പരാമർശങ്ങളെ തള്ളിക്കൊണ്ടാണ് ഗണേഷ് കുമാറിന്റെ പ്രതികരണം. ശിവഗിരി തീർത്ഥാടനത്തിന്റെ ഭാഗമായുള്ള സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുമ്പോഴാണ് മുഖ്യമന്ത്രിയുടെ പരാമർശമുണ്ടായത്. മനുഷ്യന്റെ ജാതി മനുഷ്യത്വമെന്നതാണ് ഗുരുവിന്റെ സന്ദേശമെന്ന് പറഞ്ഞ മുഖ്യമന്ത്രി ക്ഷേത്രങ്ങളിൽ ഉടുപ്പ് ഊരിക്കൊണ്ടുള്ള ദർശനത്തിൽ സാമൂഹിക ഇടപെടൽ ഉണ്ടാകണമെന്ന് ചൂണ്ടിക്കാട്ടിയിരുന്നു. കാലാന്തരത്തിൽ ഇതിന് മാറ്റമുണ്ടാകുമെന്നും അഭിപ്രായപ്പെട്ടു.ഇത് വലിയ രീതിയിൽ ചർച്ചയായി. പിന്നാലെയാണ് ഇപ്പോൾ പ്രതികരണവുമായി ഗണേശ് കുമാർ രംഗത്തെത്തിയിരിക്കുന്നത്.

അതേസമയം, ക്ഷേത്രത്തിൽ ഷർട്ട് ധരിച്ച് കയറുന്നതിൽ അഭിപ്രായം പറയാനില്ലെന്നായിരുന്നു കോൺഗ്രസിലെ മുതിർന്ന നേതാവ് രമേശ് ചെന്നിത്തലയുടെ പ്രതികരണം. അതാത് മത സമുദായിക സംഘടനകൾ ചർച്ച ചെയ്ത് തീരുമാനിക്കട്ടെയന്നും അദ്ദേഹം വ്യക്തമാക്കി.

## റോഡ് മുറിച്ചുകടക്കുമ്പോൾ കാറിടിച്ചു; ഒന്നരവർഷമായി അബോധാവസ്ഥയിൽ കഴിഞ്ഞ നിയമവിദ്യാർത്ഥി മരിച്ചു



ആലപ്പുഴ: അപകടത്തിൽ പരിക്കേറ്റ് ഒന്നര കൊല്ലമായി ചികിത്സയിലായിരുന്ന നിയമവിദ്യാർത്ഥിനി മരിച്ചു. മണി ജൂവലേഴ്സ് ഉടമ തോണ്ടൻകുളങ്ങര കൃഷ്ണകൃപയിൽ സോമശേഖരന്റെ മകൾ വാണി (24) ആണ് മരിച്ചത്. കോട്ടയം സി.എസ്.ഐ ലോ കോളേജ് വിദ്യാർത്ഥിനിയായിരുന്നു. 2023 സെപ്തംബർ 21ന് ഏറ്റുമാനൂർ സിഎസ്ഐ ലോ കോളജിന് മുന്നിലായിരുന്നു അപകടം. റോഡ് മുറിച്ചുകടക്കുമ്പോൾ ഇന്നോവ കാർ ഇടിക്കുകയായിരുന്നു. വീഴ്ചയിൽ തലച്ചോറിന് ഗുരുതരമായി പരിക്കേറ്റതിനെത്തുടന്ന് അബോധാവസ്ഥയിലായി.

തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പോണ്ടിച്ചേരിയിലെ ആശുപത്രിയിലും ചികിത്സയിലായിരുന്നു. മൂന്ന് മാസമായി വീട്ടിൽ വെന്റിലേറ്റർ സൗകര്യമൊരുക്കിയാണ് പരിചരിച്ചിരുന്നത്. ഇന്നലെ ഉച്ചയോടെയായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് ചാത്തനാട് ശ്മശാനത്തിൽ. സഹോദരൻ: വസുദേവ്.

## ജി.സി.ഡി.എ ചെയർമാനെ ഉപരോധിച്ച് യൂത്ത് കോൺഗ്രസ് പ്രതിഷേധം; പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കി





കൊച്ചി: കലൂർ സ്റ്റേഡിയത്തിലെ നൃത്തപരിപാടിക്കിടെ ഉമ തോമസ് എം.എൽ.എ സ്റ്റേജിൽ നിന്ന് വീണ് പരിക്കേറ്റ സംഭവത്തിൽ ജി.സി.ഡി.എ ഓഫീസിലേക്ക് യൂത്ത് കോൺഗ്രസിന്റെ പ്രതിഷേധം. ഓഫീസിലേക്ക് പ്രവർത്തകർ തള്ളിക്കയറുകയും ചെയർമാൻ കെ.ചന്ദ്രൻപിള്ളയെ ഉപരോധിക്കുകയുമായിരുന്നു.

ജി.സി.ഡി.എ എക്സിക്യൂട്ടീവ് യോഗം നടക്കുന്നതിനിടെയാണ് പത്തോളം യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധവുമായി എത്തിയത്. കെജെ മാക്സി എം.എൽ.എ, പി വി ശ്രീനിജൻ എം.എൽ.എ അടക്കമുള്ളവർ യോഗത്തിന് എത്തിയിരുന്നു. ജി.സി.ഡി.എ ചെയർമാൻ കെ. ചന്ദ്രൻപിള്ള രാജിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഓഫീസിലേക്ക് തള്ളിക്കയറുകയും ഉപരോധിക്കുകയും ചെയ്തത്. തട്ടിക്കൂട്ട് സ്റ്റേജ് നിർമിച്ചതിന് അനുമതി നൽകിയത് ജി.സി.ഡി.എ ആണ് എന്ന് കൂടി ആരോപിച്ചുകൊണ്ടാണ് പ്രതിഷേധിച്ചത്.

പ്രതിഷേധിച്ച പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. ഉമ തോമസ് എം. എൽ.എ സ്റ്റേജിൽ നിന്ന് വീണ് പരിക്കേറ്റ സംഭവത്തിൽ ഡി.സി.സി അടക്കം പ്രതിഷേധം അറിയിച്ചിരുന്നെങ്കിലും വിഷയത്തിൽ ആദ്യമായാണ് നേരിട്ടുള്ള പ്രതിഷേധം സംഘടിപ്പിക്കുന്നത്.

## ‘എന്റെ താലി തിരിച്ചുതരണം പ്ലീസ്’; ദയ തോന്നിയ കള്ളൻ താലി തിരികെ കൊടുത്തു, മാലയുമായി കടന്നു



തിരു: വീട്ടമ്മയുടെ മാലയുമായി കടന്ന മോഷ്ടാവ് താലി തിരികെ നൽകി. ഇന്നലെ പുലർച്ചെ രണ്ടര മണിയോടെ ചെമ്പൂരാണ് സംഭവം. പരമേശ്വരം ശിവ പാർവതിയിൽ പാർവതിയുടെ വീട്ടിലാണ് മോഷണം നടന്നത്.

ഏഴ് മാസം ഗർഭിണിയായ പാർവതിയും മാതാവും കുഞ്ഞും മാത്രമാണ് സംഭവസമയം വീട്ടിൽ ഉണ്ടായിരുന്നത്. ആർമി ഉദ്യോഗസ്ഥനായ ഭർത്താവും സ്ഥലത്തില്ലായിരുന്നു. വീടിന്റെ പിൻവാതിൽ തുറന്ന് ഉള്ളിൽ കടന്ന മോഷ്ടാവ് പാർവതിയുടെ കുഞ്ഞിന്റെ അരഞ്ഞാണം അറുത്തെടുക്കാൻ ശ്രമിക്കുന്നതിനിടെ കുഞ്ഞ് ഉണർന്നു. കുട്ടി ഉറക്കെ കരഞ്ഞതോടെയാണ് മോഷ്ടാവ് അകത്ത് കയറിയ വിവരം പാർവതിയും മാതാവും അറിയുന്നത്. പരിഭ്രാന്തരായ ഇരുവരും ബഹളം വക്കാൻ ശ്രമിച്ചു.

ഇതോടെ, മോഷ്ടാവിന്റെ ശ്രദ്ധ പാർവതിയുടെ കഴുത്തിലേക്കായി. മുഖംമൂടി ധരിച്ചെത്തിയ മോഷ്ടാവിന്റെ ഭീഷണിയെ തുടർന്ന് പാർവതി കഴുത്തിൽ കിടന്ന രണ്ട് പവൻ തൂക്കമുള്ള മാല നൽകി. ഈ സമയം താലി തിരികെ തരണമെന്ന് പാർവതി അപേക്ഷിച്ചു. ഇതോടെ കള്ളൻ മാലയെടുത്ത ശേഷം താലി തിരികെ കൊടുത്തു. ഒപ്പം അലമാരയിൽ ഉണ്ടായിരുന്ന മാതാവിന്റെ അരപ്പവൻ വരുന്ന മാലയും കവർന്ന കള്ളൻ മുറി മുഴുവൻ അരിച്ചു പെറുക്കി. എന്നാൽ, ഒന്നും ലഭിക്കാതിരുന്ന മോഷ്ടാവ് കൂടുതൽ എന്തെങ്കിലും ലഭിക്കുമോ എന്നറിയാൻ ഇരുവരെയും ഭീഷണിപ്പെടുത്തിയെങ്കിലും മറ്റൊന്നും ലഭിച്ചില്ല.

## ചൈനയിൽ പടരുന്ന വൈറസ് ബാധ; ഭയം വേണ്ടെന്ന് വിദഗ്ധർ; ഇന്ത്യയിൽ ഇത്തരം കേസ് റിപ്പോർട്ട് ചെയ്തിട്ടില്ല

ന്യൂഡൽഹി: ചൈനയിൽ പടരുന്ന എച്ച്.എം.പി.വി വൈറസ് ബാധയിൽ ഭയപ്പെടേണ്ടതില്ലെന്ന് കേന്ദ്ര ആരോഗ്യവകുപ്പ് വിദഗ്ധർ. ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചാൽ മതിയെന്നും കാര്യങ്ങൾ നിയന്ത്രണവിധേയമാണെന്നും ഡയറക്ടറേറ്റ് ഓഫ് ജനറൽ ഹെൽത്ത് സർവീസിലെ ഡോക്ടർ അതുൽ ഗോയൽ ദേശീയ മാധ്യമങ്ങളോട് പ്രതികരിച്ചു. ശ്വാസകോശസംബന്ധമായ അണുബാധകൾക്കെതിരേയും പൊതുവായുള്ള മുൻകരുതലുകൾ പിന്തുടരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

‘എച്ച്.എം.പി.വിക്ക് ആന്റിവൈറൽ ചികിത്സ നിലവിൽ ലഭ്യമല്ല. അതിനാൽ തന്നെ മുൻകരുതലാണ് പ്രധാനം. ‘മെറ്റന്യുമോ വൈറസ് ചൈനയിൽ വ്യാപിക്കുന്നുവെന്ന വാർത്തകളാണ് ചുറ്റുമുള്ളത്. ആളുകൾ പരിഭ്രാന്തിയിലായിരിക്കുന്നു, എന്നാൽ ഞാൻ ആദ്യമേ പറയട്ടെ. സാധാരണ ജലദോഷത്തിന് കാരണമാവുന്ന തരത്തിലുള്ള ഒരു വൈറസ് തന്നെയാണ് ഈ രോഗത്തിന് പിന്നിലുമുള്ളത്. ചിലപ്പോൾ മാത്രം പനിയുടെ ലക്ഷണങ്ങളിലേക്ക് മാറും’, ഡോ. അതുൽ ഗോയൽ വ്യക്തമാക്കി.

രാജ്യത്ത് നിലവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ശ്വാസകോശസംബന്ധിയായ രോഗങ്ങളുടെ കണക്കുകൾ ഞങ്ങൾ പരിശോധിച്ചു. ഡിസംബർ മാസത്തിൽ വലിയ തോതിലുള്ള വർധനവൊന്നും റിപ്പോർട്ട് ചെയ്തില്ല. അത്തരത്തിലുള്ള കേസുകൾ രാജ്യത്തെ ആരോഗ്യസ്ഥാപനവും നൽകിയിട്ടില്ല. ശൈത്യകാലത്ത് സാധാരണ നിലയിലുള്ള വൈറസ് വ്യാപനം മാത്രമ ഉണ്ടായിട്ടുള്ളൂ.

സ്ഥിതിഗതികൾ ദേശീയ ആരോഗ്യമന്ത്രാലയം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്. അതിനാൽ തന്നെ സാധാരണ എടുക്കേണ്ട തരത്തിലുള്ള മുൻകരുതലുകളാണ് പൊതുജനങ്ങൾ സ്വീകരിക്കേണ്ടത്. ഡോക്ടർ വ്യക്തമാക്കി.

## പടക്കനിർമ്മാണശാലയിൽ പൊട്ടിത്തെറി. 6 പേർ മരിച്ചു

ചെന്നൈ: തമിഴ്നാട്ടിലെ വിരുദു നഗറിലുള്ള പടക്കനിർമ്മാണശാലയിൽ പൊട്ടിത്തെറി. 6 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു.

## ദിവ്യ ഉണ്ണി കച്ചവടപ്രവർത്തനത്തിന്റെ ഇര; രൂക്ഷ വിമർശനവുമായി നടി ഗായത്രി വർഷ



കൊച്ചി: കലൂർ സ്റ്റേഡിയത്തിലുണ്ടായ അപകടത്തിൽ നടിയും നർത്തകിയുമായ ദിവ്യ ഉണ്ണിക്കെതിരെ രൂക്ഷ വിമർശനവുമായി നടി ഗായത്രി വർഷ. അപകടത്തിൽ ഗുരുതരമായി പരിക്ക് പറ്റി ആശുപത്രിയിൽ കഴിയുന്ന ഉമാ തോമസ് എം എൽ എയെ കാണാനോ സംഭവത്തിൽ ഖേദം പ്രകടിപ്പിക്കാനോ ദിവ്യ ഉണ്ണി തയ്യാറായില്ലെന്നും ഗായത്രി വിമർശിച്ചു.

അപകടം നടന്ന് ആദ്യഘട്ടത്തിൽ സംഘാടകരുടെ പേര് മാദ്ധ്യമങ്ങൾ മറച്ചുവച്ചു. കലാപ്രവർത്തനങ്ങൾ കച്ചവട മാദ്ധ്യമങ്ങളായി മാറി. അതിന്റെ ഭാഗമായിരുന്നു കൊച്ചിയിൽ നടന്ന ഗിന്നസ് പരിപാടി. ദിവ്യ ഉണ്ണിയും കച്ചവടപ്രവർത്തനത്തിന്റെ ഇരയായെന്നും ഗായത്രി വർഷ പ്രതികരിച്ചു.

സംഭവത്തിൽ ദിവ്യ ഉണ്ണിയുടെ മൊഴി രേഖപ്പെടുത്തുമെന്ന് പൊലീസ് നേരത്തേ പറഞ്ഞിരുന്നു. എന്നാൽ രണ്ട് ദിവസം മുമ്പ് അവർ അമേരിക്കയിലേക്ക് തിരിച്ചുപോയിരുന്നു. ബുധനാഴ്ച രാത്രി 11.30ന് കൊച്ചി വിമാനത്താവളത്തിൽ നിന്നാണ് സിംഗപ്പൂർ വഴി അമേരിക്കയിലേക്ക് പോകുന്ന ഫ്ളൈറ്റിൽ ദിവ്യ ഉണ്ണി മടങ്ങിയത്.

വിവാഹത്തിന് ശേഷം ദിവ്യ ഉണ്ണി വർഷങ്ങളായി അമേരിക്കയിൽ കുടുംബമായി സ്ഥിരതാമസമാക്കിയിരിക്കുകയാണ്. ഇക്കഴിഞ്ഞ നവംബറിലാണ് നടി കേരളത്തിലെത്തിയത്. സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം നടിയിലേക്ക് നീളുന്നതിനിടെയാണ് മടങ്ങിപ്പോയത്. പരിപാടിയുടെ ബ്രാൻഡ് അംബാസഡറായിരുന്നു ദിവ്യ ഉണ്ണി. ഇതിലൂടെ നടിക്ക് കിട്ടിയ പ്രതിഫലം ഉൾപ്പെടെ അന്വേഷിക്കാനിരിക്കുകയായിരുന്നു. എന്നിരുന്നാലും ഓൺലൈനായി നടിയുടെ മൊഴി രേഖപ്പെടുത്താനാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ തീരുമാനം.

## ചാവക്കാട് ബീച്ച് ഫെസ്റ്റിവലിന് തുടക്കം

ചാവക്കാട് : നഗരസഭയും ചാവക്കാട് ബീച്ച് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലും ചേർന്ന് സംഘടിപ്പിക്കുന്ന ചാവക്കാട് ബീച്ച് ഫെസ്റ്റിവലിന് ഇന്ന് തുടക്കം. വൈകീട്ട് അഞ്ചിന് നടക്കുന്ന സാംസ്കാരിക സമ്മേളനം എൻ.കെ അക്ബർ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. നഗരസഭാ ചെയർപേഴ്സൻ ഷീജാ പ്രശാന്ത് അധ്യക്ഷയാകും. കളക്ടർ അർജുൻ പാണ്ഡ്യൻ മുഖ്യാതിഥിയാകും. തുടർന്ന് മെഗാ സംഗീതനിശ ഉണ്ടാകും.

## ലോറി കയറിയ വീട്ടമ്മക്ക് ദാരുണാന്ത്യം

കുന്നംകുളം: കേച്ചേരി പട്ടിക്കരയിൽ ലോറി കയറി വീട്ടമ്മ മരിച്ചു. അൽ അമീൻ സ്കൂളിന് സമീപത്തുള്ള രായമരയ്ക്കാർ വീട്ടിൽ ഷെരീഫിന്റെ ഭാര്യ ഷെബിദ (43) ആണ് മരിച്ചത്. ഇന്നലെ വൈകീട്ട് നാലരയോടെയാണ് സംഭവം

### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 1928/2023

Shahul Hameed V.P.
-Petitioner

Joby K.J., S/o. Johny, Kannampuzha House, Pariyaram P.O., Thrissur-680721
-Respondent No. 2

മേൽ നമ്പർ കേസ് 2-ാം എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് 25-07-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 02-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
പി കെ ജോൺ
(ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 2031/2023

Shajina Hamsa
-Petitioner

K.V. Shoby, S/o. Varghese, Kuruthukulangara House, Parappur P.O., Thrissur-676503
-Respondent No. 2

മേൽ നമ്പർ കേസ് 2-ാം എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് 28-07-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 02-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
LLOYD JOHN
(ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 1931/2023

Majeed V.M.
-Petitioner

Binoy, S/o. Ekambaran, Valaparambil House, Kanjani, Narimukku, Manalur,Thrissur -680612
-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ് 21-07-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊ ള്ളുന്നു.

എന്ന്, 28-12-2024
ഹരജിഭാഗം അഡ്വക്കെറ്റ്
എ. ആർ രാജഗോപാലൻ
(ഒപ്പ്)

### കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 259/2020

Mrs. Foumiya Ansar
-Petitioner

Mr. Muhammed Muhasin, S/o. Rasheed, Pambinezhuth House, Mathilakam, Kizhakkumpuram, Thrissur Dist
-1-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനും പത്രംവഴി പരസ്യം ചെയ്യുന്നതിന് അനുവദിച്ച് കേസ് 10-02-2025 തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊ ള്ളുന്നു.

എന്ന്, 2-1-2025
ഹരജിഭാഗം അഡ്വക്കെറ്റ്
ജിജോ പോൾ (ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 834/2022

Adithyan I.V.,
-Petitioner

Shabeesh P. V., S/o. Velayudhan, Pandaraparambil House, P.O. Thozhiyur, Guruvayoor, Thrissur -680520
-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് 29-04-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊ ള്ളുന്നു.

എന്ന്, 28-12-2024
ഹരജിഭാഗം അഡ്വക്കെറ്റ്
എ. ആർ രാജഗോപാലൻ
(ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 23/2020

Hafeez Hamzath
-Petitioner

1) Muhammedali, S/o. Hameed, Pallithokkunkal House, Peringottukara P.O., Thrissur
2) Alishan Asharaf, S/o. Muhammed Aharaf, Puthiyaveettil House, Thriprayar, Thrissur-680566
-Respondents No. 2 & 4

മേൽ നമ്പർ കേസ് 2, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് 19-04-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 07-12-2024
ഹരജിഭാഗം അഡ്വക്കെറ്റ്
പി കെ ജോൺ
(ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ജനുവരി 22 ലെ പണിമുടക്ക് സമര പ്രഖ്യാപന കൺവെൻഷൻ നടത്തി



തൃശ്ശൂർ: സംസ്ഥാന ജീവനക്കാരും അധ്യാപകരും ജനുവരി 22 ന് നടത്തുന്ന പണിമുടക്കിന്റെ ഭാഗമായി ജില്ലാ സമര പ്രഖ്യാപന കൺവെൻഷൻ നടത്തി.പങ്കാളിത്ത പെൻഷൻ പിൻവലിക്കുക,

വേതന പരിഷ്കരണ നടപടികൾ ആരംഭിക്കുക,കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുയർത്തി, അധ്യാപക സർവ്വീസ് സംഘടനാ സമര സമിതിയാണ് പണിമുടക്ക് നടത്തുന്നത്.

കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.എം ഹാരിസ് ഉദ്ഘാടനം ചെയ്തു.

സമരസമിതി ചെയർമാൻ വി.ഒ ജോയ് അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് കൗൺസിൽ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം വി.വി ഹാപ്പി, എ.കെ.എസ്.ടി.യു സംസ്ഥാന സെക്രട്ടറി സി.ജെ ജിജു മാസ്റ്റർ, ജോയിന്റ് കൗൺസിൽ ജില്ലാ സെക്രട്ടറി വി.ജെ മെർളി,കെ.ജി.ഒ. എഫ്. ജില്ലാ സെക്രട്ടറി ഡോ. കെ.ആർ അജയ് എന്നിവർ പ്രസംഗിച്ചു.

## നിക്ഷേപവുമായി മുങ്ങി, അര കോടി രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: നിക്ഷേപ പ്രകാരം സംഖ്യ തിരിച്ചുനൽകാതിരുന്നതിനെ ചോദ്യം ചെയ്തു് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി. തൃശൂർ മുപ്ലിയം വാളൂരാൻ വീട്ടിൽ ജിജു ഫ്രാൻസിസ് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ ചെട്ടിയങ്ങാടിയിലുള്ള ധനവ്യവസായ സ്ഥാപനത്തിന്റെ മാനേജിങ്ങ് പാർട്ണർ തൃശൂർ വടൂക്കര സ്വദേശി ജോയ് .ഡി.പാണഞ്ചേരി, പാർട്ണർ ഭാര്യ റാണി എന്നിവർക്കെതിരെ ഇപ്രകാരം വിധിയായത്.

ജിജു 5000000 രൂപയാണ് നിക്ഷേപിക്കുകയുണ്ടായത്. എന്നാൽ നിക്ഷേപസംഖ്യ വാഗ്ദാനം ചെയ്തതു പോലെ പലിശസഹിതം തിരികെ നൽകുകയുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. ആകർഷകമായ പലിശ വാഗ്ദാനം ചെയ്ത് സാധാരണക്കാരിൽ നിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപവുമായി മുങ്ങുന്ന നടപടി തെറ്റും അനുചിത ഇടപാടുമാണെന്നും കോടതി വിലയിരുത്തി.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരന് അരകോടി രൂപയും ആയതിന് ഹർജി തിയ്യതി മുതൽ 9 % പലിശയും നൽകുവാൻ കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

### NOTIFICATION

I, **SHEEBA P V,** D/o. Velayudhan P C, Parakunnath (H), Kadangode P O, Thrissur Dt, PIN 680584 hereby inviting to the notice of the Public that my M A Economics Marklist of III rd Semester Exam of February 2007 with Reg.Nos: DSAFMEC012 of University of Calicut has been irrecoverably lost during a travel and as such I intend to apply for the duplicate of MA Economics of IIIrd Semester Exam. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)
**SHEEBA P V**

Place : Kadangode
Date : 04-01-2025

## അബ്ദുൾകരീം എന്ന കരിംഭായി

കൊടുങ്ങല്ലൂർ: കരിംഭായി എന്ന് നാട്ടുകാർ സ്നേഹത്തോടെ വിളിക്കുന്ന അബ്ദുൾ കരീമിന് പുതുവർഷത്തിൽ 63 വയസ് തികഞ്ഞു. പുല്ലൂറ്റ് 'വെളിച്ചം അതിഥി' മന്ദിരത്തിലെ കെയർ ടേക്കറായി ആരോരുമില്ലാത്ത 25 അതിഥികളെ സംരക്ഷിക്കുന്ന കരിംഭായിക്ക് പ്രായമൊന്നും നോക്കാൻ സമയമില്ല. ഒറ്റപ്പെട്ടവർക്കും വേദന അനുഭവിക്കുന്നവർക്കുമായി സമർപ്പിച്ച ജീവകാരുണ്യ പ്രവർത്തനമാണ് അബ്ദുൾ കരീമിന്റെ ജീവിതവും ആഹ്ലാദവും.



ചുറ്റുപാടുകൾ ദരിദ്രമായതിനാൽ 12-ാം വയസിൽ ബീഡി തെറുപ്പ് പഠിക്കാൻ പോയി. 22 വർഷമായി ഈ ദാരിദ്ര്യത്തിന്റെ ഇടയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പാവപ്പെട്ട രോഗികൾക്ക് ചികിത്സ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കൊടുങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജുവരെ കഴിഞ്ഞ 6 വർഷമായി രോഗികളെ എത്തിക്കുന്നു. എവിടെ അപകടം നടന്നാലും അവിടെ എത്തുന്ന കരീംഭായി പ്രവർത്തനത്തിനുവേണ്ടി പേഷ്യൻസ് അഡ്വൈസറി സൊസൈറ്റി എന്ന സംഘടനക്കും രൂപം നൽകിയിട്ടുണ്ട്. 400ൽപരം നിർദ്ധനരോഗികൾക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയക്ക് സഹായം ചെയ്തുകൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോവാസ്കുലർ സർജൻ ഡോ. ബി ബാലചന്ദ്രൻ അദ്ദേഹത്തിന്റെ നിസ്തുലപ്രവർത്തനത്തെ അനുമോദിച്ച് സംസാരിച്ചിട്ടുണ്ട്. 16 മെഡിക്കൽ ക്യാമ്പുകൾക്ക് മുഖ്യ സംഘാടകനാകാൻ അദ്ദേഹത്തിന് സാധിച്ചു. ഹൃദ്രോഗം മൂലം മരണമടഞ്ഞചില സുഹൃത്തുക്കളുടെയും രോഗികളുടെയും അനുഭവമാണ് അദ്ദേഹത്തെ ഈ മേഖലയിലേക്ക് തിരിയാൻ പ്രേരിപ്പിച്ചത്.

സുമനസ്സുകളുടെ അകമഴിഞ്ഞ സഹായമാണ് അദ്ദേഹത്തെ ഈ മേഖലയിൽ നിലനിർത്തുന്നതും സ്വന്തം വേദന മറന്ന് മറ്റുള്ളവരെ സഹായിക്കാൻ പ്രേരിപ്പിക്കുന്നതും.

**കുഞ്ഞുമുഹമ്മദ് കണ്ണാംകുളത്ത്**

## പൂർവ്വ വിദ്യാർത്ഥി സംഗമം നടന്നു

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ 1970-73 ബി കോം ബാച്ചിലുണ്ടായിരുന്ന വിദ്യാർത്ഥികൾ ഒത്തു ചേർന്ന് സൗഹൃദ കൂട്ടായ്മ സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട ജണഉ റെസ്റ്റ് ഹൗസിൽ വച്ചു നടന്ന കൂട്ടായ്മയിൽ നിരവധി പേർ പങ്കെടുത്തു. കൂട്ടായ്മ കോ-ഓർഡിനേറ്റർമാരായ വി മോഹൻദാസ് (റിട്ട. സൗത്ത് ഇന്ത്യൻ ബാങ്ക്), പ്രൊഫ. ബി. പവിത്രൻ(മുൻ ഡയറക്ടർ, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി), വിജയകുമാർ (റിട്ട.ചീഫ് മാനേജർ യു ബി ഐ), ജോയ് കെ.എ റിട്ട. ചീഫ് മനേജർ ഫെഡറൽ ബാങ്ക്), സെബാറ്റ്യൻ ( റിട്ട. ചീഫ് മാനേജർ എസ്ബിഐ) തുടങ്ങിയവർ നേതൃത്വം നൽകി.

## ബി കെ. ധനലക്ഷ്മിയുടെ പുതിയ വ്യവസായ സംരംഭം

ആമ്പല്ലൂർ: സ്ത്രീശക്തിയുടെ ഏറ്റവും മാതൃക തൃശൂർ കേരളത്തിൽ 24 പ്രവർത്തിച്ചു വരുന്ന തൃശ്ശൂർ ആസ്ഥാനമായ ബി കെ ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രി കോ-ഓപ്പറേറ്റീവ് പുതിയ സംരംഭമാണ് ബി കെ ഡി എൻ എസ് ന്യൂട്രൽസ്. ബിസ് ലറി വാട്ടർ, 49 - ഇനം ജൂസുകളും പുതിയ കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്നു.

ഇതിന്റെ ഉദ്ഘാടനം പുതുക്കാട് ചെങ്ങാലൂർ ശാന്തിനഗർ മനക്കൽ കടവിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ബാബുരാജ് ഉൽഘാടനം നിർവഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ബ്ലോക് ഓഫീസർ സെബി ചെയർമാൻ ബിനു കൂട്ടൻ, പ്രസംഗിച്ചു.

